## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.827 20.03.2013-ൽ മറുപടിക്ക്**

**കുടിവെള്ളവിതരണ പൈപ്പുകൾ പൊട്ടിയ സംഭവം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കൊടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാര ത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം ജില്ലയിൽ കുടിവെള്ള വിതരണ പൈപ്പുകൾ എത്ര തവണ പൊട്ടിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) | ഈ സർക്കാർ അധികാര ത്തിൽ വന്നതിനു ശേഷം തിരുവനന്ത-പുരത്തേക്ക് കുടിവെള്ള വിതരണ ത്തിന് എത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ഏഴ് തവണയായി പത്ത് സ്ഥലങ്ങളിൽ പൊട്ടി-യിട്ടുണ്ട്. |
| (ബി) | ഓരോ തവണയും പ്രസ്തുത പൈപ്പ് പൊട്ടലുകൾക്കു ശേഷം അറ്റകുറ്റപ്പണികൾക്കായി ഇതിനകം എന്തു തുക ചെലവാ-യിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | തിരുവനന്തപുരം നഗരത്തിൽ ജലം എത്തിക്കുന്ന പ്രധാനപൈപ്പ് ലൈനുകളിലെ ചോർച്ച പരിഹരി ക്കുന്നതിനായി പത്ത് പണികൾ ക്കായി ഇതുവരെ 46,85,840 രൂപ ചെലവായിട്ടുണ്ട്. |
| (സി) | ഓരോ പൈപ്പ് പൊട്ടൽ സമയത്തും ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം ചെയ്ത ഇനത്തിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു വെന്നു വിശദമാക്കുമോ; | (സി) | മെയിൻ പൈപ്പ് പൊട്ടിയ സമയത്ത് കേരള വാട്ടർ അതോറി റ്റിയും, റവന്യൂ വകുപ്പും, തിരുവന-ന്തപുരം കോർപ്പറേഷനും, ഫയർ ഫോഴ്സും ചേർന്ന് ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടാങ്കർ ലോറികളിലൂടെ കുടിവെള്ള |

വിതരണം ചെയ്യുന്നതിനായി 4,33,065 രൂപ കേരള വാട്ടർ അതോറിററിയിലൂടെ ചെലവായിട്ടുണ്ട്.

(ഡി) ആറ്റുകാൽ പൊങ്കാലയുടെ തലേദിവസമുണ്ടായ പൈപ്പ പൊട്ടൽ അന്വേഷിക്കാൻ നടപടി യെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കമോ ?

(ഡി) അടിക്കടി പൈപ്പുലൈനുകൾ പൊട്ടുന്നതിനെ സംബന്ധിച്ച് സർക്കാർതല അന്വേഷണത്തിന് 01.03.2013-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 227/13/ജവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ആ കമ്മിറ്റിയുടെ ഘടന താഴെ പറയും പ്രകാരമാണ്.

ശ്രീ.കെ.ജയകുമാർ
(മുൻ ചീഫ് സെക്രട്ടറി)- ചെയർമാൻ

1. ശ്രീ.പി.ചന്ദ്രശേഖർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
2. ശ്രീ.എബ്രഹാംജേക്കബ്, ചീഫ് ടെക്നിക്കൽ എക്സാമിനർ
3. ശ്രീ.റ്റി.സി.സുബ്രൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

} മെമ്പർ

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ